# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 20, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി

റവന്യൂവും കയറും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷ
ണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത് വകുപ്പുമന്ത്രി

<u>സർവ്വകലാശാലകളുടെ പ്രവർത്തനം</u>

*91 ശ്രീ. എ. പ്രദീപ്കുമാർ
,, എം.എ. ബേബി
,, കെ. സുരേഷ് കുറുപ്പ്
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളുടെ ജനാധിപത്യപരമായ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനിടയാക്കിയ നയവും നടപടികളും തിരുത്താൻ തയ്യാറാകുമോ;

(ബി) സർവ്വകലാശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വൈസ് ചാൻസലർ നിയമനം സംബന്ധിച്ച പരാതികളും വിവാദങ്ങളും സർവ്വകലാശാലാപ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) വൈസ് ചാൻസലറെ നിയമിച്ചിട്ടില്ലാത്ത സർവ്വകലാശാലകൾ നിലവിലുണ്ടോ; എത്രകാലമായി തസ്തിക ഒഴിഞ്ഞുകിടക്കുന്നു. നിയമനം നടത്തുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഡി) സർവ്വകലാശാല അധികൃതരും സർക്കാരും കൈക്കൊള്ളുന്ന നടപടികൾക്കെതിരെ സർവ്വകലാശാലകളിൽ പ്രക്ഷോഭങ്ങൾ നടക്കുന്നതായിട്ടറിയാമോ;

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

(ഇ) സര്‍വ്വകലാശാലകളുടെ പ്രവര്‍ത്തനം വിലയിരുത്തുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനും സര്‍ക്കാര്‍ തലത്തില്‍ അടിയന്തിര നടപടി സ്വീകരിക്കുവാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

നെല്ല് സംഭരണം

*92 ശ്രീ. സാജു പോൾ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എം. ചന്ദ്രൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ നെല്ല് സംഭരണത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരമേറ്റ ശേഷം സംഭരിച്ച നെല്ലിന്റെ സീസൺ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംഭരിച്ച നെല്ലിന്റെ വില യഥാസമയം കർഷകർക്ക് നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ഈ വകയിൽ കർഷകർക്ക് എത്ര കോടി രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംഭരണവില യഥാസമയം ലഭിക്കാത്തതുമൂലം കർഷകർക്ക് രണ്ടാംവിള കൃഷി നടത്താൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കൊയ്ത്തു സീസൺ ആരംഭിക്കുമ്പോൾ തന്നെ നെല്ല് സംഭരണത്തിന് ആവശ്യമായ തുക റിവോൾവിംഗ് ഫണ്ടിലേക്ക് നിക്ഷേപിക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) നെല്ല് സംഭരണത്തിൽ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന അലംഭാവം സ്വകാര്യ മില്ലുടമകൾക്ക് സഹായകരമാകുന്നുണ്ടെന്ന കാര്യം അറിവുള്ളതാണോ;

(എഫ്) ഇത് പൊതുകമ്പോളത്തിൽ അരിയുടെ വില വർദ്ധനവിന് ഇടയാക്കുന്ന നടപടിയാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>ഇന്ധനവിതരണ സ്ഥാപനങ്ങളുടെ നിയന്ത്രണം</u>

*93 ശ്രീ. സി. മോയിൻകുട്ടി
,, പി. കെ. ബഷീർ
,, പി. ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്ത് പ്രവർത്തിച്ചുവരുന്ന ഇന്ധനവിതരണ വില്പനശാലകളുടെ പ്രവർത്തനത്തിലെ ക്രമക്കേടുകൾ പരിശോധിക്കാൻ അധികാരമുണ്ടോ ;

(ബി) കേരള പെട്രോളിയം പ്രൊഡക്ട്സ് ലൈസൻസിംഗ് ഓർഡറിന് സാധുതയില്ലെന്ന ബഹു. ഹൈക്കോടതിയുടെ വിധിന്യായം മൂലം ഗവൺമെന്റിന് നഷ്ടമായ നിയന്ത്രണാധികാരം പുന:സ്ഥാപിക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) വാഹന ഇന്ധന പാചകവാതക വിതരണ സ്ഥാപനങ്ങൾ നല്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരവും സേവനങ്ങളും സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും എന്തെങ്കിലും സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; ഇല്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ പരിശോധനാ സംവിധാനവുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടിക്രമം വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>മോണോ റെയിൽ പദ്ധതി</u>

*94 ശ്രീ. കോവൂർ കുഞ്ഞുമോൻ
,, എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ സ്ഥലങ്ങളിലാണ് മോണോ റെയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഓരോ പദ്ധതിയും എവിടം മുതൽ എവിടം വരെയാണ് നടപ്പിലാക്കുന്നത്;

(സി) ഓരോ പദ്ധതിക്കും പ്രതീക്ഷിക്കുന്ന ചെലവ് എത്ര വീതമാണ്;

(ഡി) പ്രസ്തുത തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യ വസ്തുക്കളുടെ ദുരുപയോഗം തടയൽ</u>

*95 ശ്രീ. സി. മമ്മൂട്ടി
,, പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായുള്ള ഭക്ഷ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി ഭക്ഷ്യ വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യവസ്തുക്കൾ പാഴാക്കാതിരിക്കുന്നതിനും ഭക്ഷ്യ വിഭവങ്ങൾ മിച്ചമുണ്ടെങ്കിൽ അവ സംരക്ഷിച്ച് ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭക്ഷണം പാഴാക്കുന്നതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് സ്കൂൾ തലത്തിൽ ബോധവൽക്കരണം നടത്താനുള്ള പദ്ധതികളെന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>കുടിയേറ്റ കർഷകർക്ക് പട്ടയം</u>

*96 ശ്രീ. സി. കെ. സദാശിവൻ
,, ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിയേറ്റ കർഷകർക്ക് പട്ടയം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഇടുക്കിയിൽ 1977 ജനുവരി ഒന്നിന് മുമ്പ് കുടിയേറിയ എല്ലാവർക്കും ഉപാധിരഹിത പട്ടയം നൽകുമെന്ന് ഉറപ്പ് നൽകിയിരുന്നോ; എങ്കിൽ നടപ്പിൽ വരുത്തുകയുണ്ടായോ;

(സി) പട്ടയം ലഭിക്കാത്തതുമൂലം കുടിയേറ്റ കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിതരണം ചെയ്ത പുതിയ പട്ടയങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഇ) പട്ടയവിതരണത്തിന് മുൻ സർക്കാർ സ്വീകരിച്ച നയം പിന്തുടർന്ന് മുഴുവൻ കുടിയേറ്റ കർഷകർക്കും പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

<u>സൗജന്യ സ്കൂൾ യൂണിഫോം വിതരണം</u>

*97 ശ്രീ. എം. ഹംസ
,, കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷം സംസ്ഥാനത്ത് സൗജന്യ സ്കൂൾ യൂണിഫോം വിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെ അതിന് കഴിയാതിരുന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ യൂണിഫോം നിഷ്കർഷിച്ചിട്ടുള്ളത് ഏതെല്ലാം ക്ലാസ്സുകളിലാണ്; മൊത്തം വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ട യൂണിഫോം എത്ര; അവ യഥാസമയം വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും വിശദമാക്കുമോ;

(സി) വിദ്യാഭ്യാസ വർഷത്തിന്റെ അവസാനഘട്ടത്തിൽ യൂണിഫോം വാങ്ങി വിതരണം ചെയ്യുന്നതിന് സ്കൂൾ അധികൃതരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് സ്കൂൾ അധികൃതർക്ക് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(ഇ) സ്കൂളുകളിൽ വിദ്യാർത്ഥികളുടെ വസ്ത്രധാരണ രീതിയിൽ സർക്കാർ നിയന്ത്രണങ്ങൾ വരുത്തിയിട്ടുണ്ടോ;

(എഫ്) യൂണിഫോമിന് അനുവദിച്ച ഫണ്ട് അപര്യാപ്തമാണ് എന്ന പരാതി സ്കൂൾ അധികൃതരിൽ നിന്നും ഉണ്ടായിട്ടുണ്ടോ; ഇതു കാരണം യൂണിഫോം വിതരണം ഏറ്റെടുക്കുന്നതിൽ പ്രധാന അദ്ധ്യാപകർ വിമുഖത പ്രകടിപ്പിച്ചിട്ടുണ്ടോ;

(ജി) നിർദ്ദിഷ്ട മില്ലുകളിൽ നിന്നുതന്നെ തുണി വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ഇതിനായി തുണിമില്ലുകളെ തെരഞ്ഞെടുത്തത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; ഇതുമായി

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങൾ എന്തായിരുന്നു; ഇവ സമഗ്രമായി അന്വേഷിക്കുകയുണ്ടായോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഭൂരഹിതരില്ലാത്ത കേരള പദ്ധതി പ്രകാരമുള്ള ഭൂമി വിതരണം

*98 ശ്രീ. എ. കെ. ബാലൻ
,, ഇ. പി. ജയരാജൻ
,, കെ. രാധാകൃഷ്ണൻ
,, എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ അപേക്ഷ നൽകിയവരിൽ ഒരു ലക്ഷം പേർക്ക് 2013 ആഗസ്റ്റിൽ ഭൂമി വിതരണം ചെയ്യുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ; ആകെ അപേക്ഷ സമർപ്പിച്ചവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതിനാവശ്യമായ അത്രയും ഭൂമി കണ്ടെത്തുകയുണ്ടായിട്ടുണ്ടോ;

(സി) വിതരണം ചെയ്യപ്പെട്ട ഭൂമി സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ടോ; ഇതുകാരണം വിതരണം ചെയ്ത പട്ടയങ്ങളിൽ ചിലത് റവന്യൂ ഉദ്യോഗസ്ഥർ തിരിച്ചുവാങ്ങുകയുണ്ടായോ; വിശദമാക്കുമോ;

(ഡി) വിതരണത്തിനായി കണ്ടെത്തിയ സ്ഥലങ്ങളേറെയും സാധാരണക്കാരായ ജനവിഭാഗങ്ങളുടെ കൈവശമുള്ളതും സമൂഹം പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവയുമാണെന്ന പരാതി ഉയർന്നിട്ടുള്ളത് പരിശോധിക്കുകയുണ്ടായോ;

(ഇ) താമസയോഗ്യമല്ലാത്തതിനാലും വിദൂരസ്ഥലങ്ങളിലായതിനാലും അനുവദിച്ച ഭൂമി സ്വീകരിക്കാൻ അപേക്ഷകർ വിമുഖത കാട്ടുന്നുണ്ടോ; വിശദമാക്കുമോ; അനുവദിച്ച ഭൂമി ഉപയോഗിക്കുന്നതിന് നിശ്ചിത കാലയളവ് നിഷ്കർഷിക്കുന്നുണ്ടോ;

(എഫ്) ഭൂമി വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും അപേക്ഷകർക്ക് അവരുടെ പ്രദേശത്തുതന്നെ ഭൂമി അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം

*99 ശ്രീ. രാജു എബ്രഹാം
,, പി. ശ്രീരാമകൃഷ്ണൻ
,, ജെയിംസ് മാത്യു
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾതലം വരെ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം സംബന്ധിച്ച സർക്കാരിന്റെ നയം എന്താണ്; ഇത് അനുപാതം സംബന്ധിച്ച ശാസ്ത്രീയമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണോ; സർക്കാർ, എയ്ഡഡ് എന്ന വ്യത്യാസമില്ലാതെ എല്ലായിടത്തും ഒരുപോലെ ബാധകമായ ഒരു സമീപനമാണോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായാണോ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുള്ളത്;

(സി) സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്; വിദ്യാഭ്യാസ അവകാശ നിയമത്തിൽ ഈ അനുപാതം എത്രയാണ്;

(ഡി) ഈ അദ്ധ്യയനവർഷം സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യാപക തസ്തികാ നിർണ്ണയം നടത്തുകയുണ്ടായോ; സർക്കാർ, എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിൽ തസ്തികാ നിർണ്ണയത്തിന് ഒരേ അനുപാതം തന്നെയാണോ സ്വീകരിച്ചത്; വ്യത്യസ്ത അനുപാതമാണ് സ്വീകരിച്ചതെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) വ്യത്യസ്ത അനുപാതം സ്വീകരിച്ചതിന്റെ ഫലമായി സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സർക്കാർ സ്കൂൾ അദ്ധ്യാപകർ അദ്ധ്യാപക ബാങ്കിലേക്ക് മാറ്റപ്പെട്ടിട്ടുണ്ടോ; എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

(എഫ്) സർക്കാരിന്റെ ഈ നയം മൂലം സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥയിൽ സാരമായ അന്തരം ഉണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) അദ്ധ്യാപക – വിദ്യാർത്ഥി അനുപാതത്തിലുള്ള അപാകതകൾ മൂലം സർക്കാർ വിദ്യാലയങ്ങളിൽ പുതിയ അദ്ധ്യാപക നിയമനത്തിന് സാദ്ധ്യതയില്ലാതാകുന്നതിനും പൊതു വിദ്യാഭ്യാസത്തിന്റെ മേന്മ കുറയുന്നതിനും ഇടയാകും എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റികൾ</u>

*100 ശ്രീ. വി. പി. സജീന്ദ്രൻ
,, ജോസഫ് വാഴക്കൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിനു കീഴിൽ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്ര മാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കാമോ;

(ഡി) എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) രൂപീകരിച്ചിട്ടില്ലെങ്കിൽ ഇതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

ഭൂരഹിതർ ഇല്ലാത്ത ജില്ല

*101 ശ്രീ. ചിറ്റയം ഗോപകുമാർ
'' കെ. അജിത്
'' വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഭൂരഹിതർ ഇല്ലാത്ത കേരളം' പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിതർ ഇല്ലാത്ത ജില്ലയായി പ്രഖ്യാപിച്ച ജില്ല ഏതാണെന്ന്. വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ 2005–മുതൽ ഭൂമിക്കുവേണ്ടി ആദിവാസികൾ അപേക്ഷ നൽകിയിരുന്നുവോ; വിശദാംശം നൽകുമോ; ഇവർക്ക് എല്ലാപേർക്കും പ്രസ്തുത പദ്ധതിയിൻ കീഴിൽ ഭൂമി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നല്കാതെയാണ് ഭൂരഹിത കേരളം പദ്ധതിയിൻ കീഴിൽ ഭൂരഹിതരില്ലാത്ത ജില്ലയെന്ന് പ്രഖ്യാപിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം</u>

*102 ശ്രീ. വി. ഡി. സതീശൻ
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) സംവിധാനം നടപ്പാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.01.2014-ലെ മറുപടിക്ക്

## വൈസ് ചാന്‍സലര്‍ നിയമനം

*103 ശ്രീ. പി. റ്റി. എ. റഹീം
,, എം. എ. ബേബി
,, കെ. സുരേഷ് കുറുപ്പ്
,, ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍വ്വകലാശാലകളില്‍ വൈസ് ചാന്‍സലര്‍മാരെ നിയമിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച യു.ജി.സി. നിര്‍ദ്ദേശങ്ങള്‍ എന്തെല്ലാമാണ്; പ്രസ്തുത നിര്‍ദ്ദേശങ്ങള്‍ സംസ്ഥാനത്തെ സര്‍വ്വകലാശാലാ വൈസ് ചാന്‍സലര്‍ നിയമനങ്ങളില്‍ പാലിക്കപ്പെടുന്നുണ്ടോ;

(സി) മഹാത്മാഗാന്ധി സര്‍വ്വകലാശാല വൈസ് ചാന്‍സലറുടെ യോഗ്യത സംബന്ധിച്ച പരാതി പരിശോധിക്കുകയുണ്ടായോ; വി.സി.യുടെ യോഗ്യത തൃപ്തികരമല്ലെന്ന് കാണിച്ച് സര്‍ക്കാര്‍ ഗവര്‍ണര്‍ക്ക് റിപ്പോര്‍ട്ട് നല്‍കിയിട്ടുണ്ടോ;

(ഡി) വി.സി.യുടെ നിയമനത്തിനായി പാനല്‍ തയ്യാറാക്കി നല്‍കിയിരുന്നത് സര്‍ക്കാര്‍ പ്രതിനിധികള്‍ ഉള്‍പ്പെട്ട സമിതിയായിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ഇ) സമിതിയിലെ അംഗങ്ങള്‍ ആരെല്ലാമായിരുന്നു; നിയമിക്കപ്പെട്ട വി.സി.യുടെ പേര് ഉള്‍പ്പെടെയുള്ള പാനല്‍ സര്‍ക്കാര്‍ അംഗീകരിച്ച ശേഷമാണോ ഗവര്‍ണ്ണര്‍ക്ക് നല്‍കിയിരുന്നത്;

(എഫ്) വൈസ് ചാന്‍സലര്‍ നിയമനത്തിനായി ഗവര്‍ണ്ണര്‍ക്ക് നല്‍കിയിരുന്നതും ഇപ്പോള്‍ നല്‍കിയിട്ടുള്ളതുമായ റിപ്പോര്‍ട്ടുകളുടെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ജി) വൈസ് ചാന്‍സലര്‍ നിയമനം പോലുള്ള ഗൗരവമേറിയ വിഷയങ്ങളില്‍ സര്‍ക്കാര്‍ സ്വീകരിക്കുന്ന നടപടികള്‍ സര്‍വ്വകലാശാലകളില്‍ ഉണ്ടാക്കിയിട്ടുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ എന്ത് തുടര്‍നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ബൈപ്പാസുകളുടെ നിർമ്മാണം</u>

*104 ശ്രീ. സണ്ണി ജോസഫ്
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബൈപ്പാസുകളുടെ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത നിർമ്മാണത്തിനുള്ള ധനസമാഹരണം എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

## കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

അനാദായകരമായ സ്ക്കൂളുകൾ

*105 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എൻ. എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ക്കൂളുകൾ അനാദായകരമായ നിലവാരത്തിലേയ്ക്ക് മാറുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പരിശോധനയിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സർക്കാർ സ്ക്കൂളുകളാണോ, എയിഡഡ് സ്ക്കൂളുകളാണോ ഈ സ്ഥിതിവിശേഷത്തിൽ മുൻപന്തിയിലെന്ന് വ്യക്തമാക്കുമോ;

(സി) ഒരു കുട്ടിപോലുമില്ലാത്ത സ്ക്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയെ സംബന്ധിച്ച വിശദ വിവരം നൽകുമോ ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>പുതിയ താലൂക്കുകൾ</u>

*106 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം എത്ര താലൂക്കുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) താലൂക്ക് പുനർ വിഭജനത്തിനു മുൻപായി അതിന്റെ ആവശ്യകത സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) റവന്യൂ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണോ പുതിയ താലൂക്കുകൾ രൂപീകരിച്ചിട്ടുളളത്; അല്ലെങ്കിൽ ഇതിന്റെ മാനദണ്ഡം എന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഓപ്പൺ സ്കൂളുകളുടെ പ്രവർത്തനം

*107 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, ഇ. കെ. വിജയൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പൺ സ്കൂളുകളുടെ പ്രവർത്തനം താറുമാറായിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളുണ്ട്;

(സി) ഓപ്പൺ സ്കൂളുകളുടെ പ്രവർത്തനം സാധാരണ ഗതിയിലാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ദേശീയപാത വികസനം</u>

*108 ശ്രീ. ജി. സുധാകരൻ
,, ബാബു എം. പാലിശ്ശേരി
,, എളമരം കരീം
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദേശീയപാത വികസനത്തിൽ നിന്നും നാഷണൽ ഹൈവേ അതോറിറ്റി പിൻവാങ്ങിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ഹൈവേയുടെ വികസനത്തിൽ നിന്നാണ് പിന്മാറ്റം എന്നറിയിക്കാമോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) ദേശീയപാതാ വികസനത്തിന് സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള തർക്കങ്ങൾ തുടരുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമാണ് തർക്കങ്ങൾ നിലവിലുള്ളതെന്ന് അറിയിക്കാമോ ;

(സി) തർക്കപരിഹാരത്തിനായി എന്തെല്ലാം ശ്രമങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ഡി) റോഡിന്റെ വീതി സംബന്ധിച്ച് സർക്കാർ എടുത്തിട്ടുള്ള തീരുമാനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്നാണ് തീരുമാനം ;

(ഇ) വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് അർഹമായ പ്രതിഫലം നൽകുന്നതിന് തയ്യാറായിട്ടുണ്ടോ ; ഇതിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(എഫ്) ദേശീയപാത അലൈൻമെന്റ് മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റിയുമായി സംസ്ഥാന സർക്കാർ ആശയവിനിമയം നടത്തിയിരുന്നോ; ഇതുസംബന്ധിച്ച് അവരുടെ മറുപടി എന്തായിരുന്നു ; ഇതനുസരിച്ച് എന്ത് തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

റീസർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നത്

*109 ശ്രീ. കെ. മുരളീധരൻ
,, കെ.ശിവദാസൻ നായർ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ അദാലത്തുകൾ വില്ലേജ്തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) റീസർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

ഭൂമി രജിസ്ട്രേഷന് ന്യായവില

*110 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, ബി. സത്യൻ
,, കെ. കെ. നാരായണൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ വില്ലേജുകളിലും ഭൂമി രജിസ്ട്രേഷന് ന്യായ വില നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ന്യായവില നിശ്ചയിച്ചിട്ടില്ലാത്ത വില്ലേജുകളിൽ അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഭൂമിക്ക് ന്യായവില നിശ്ചയിച്ചിട്ടില്ലാതിരുന്ന കാലത്ത് ന്യായവിലയിൽ കുറച്ച് ഭൂമി രജിസ്റ്റർ ചെയ്തതിന്റെ പേരിൽ കോമ്പൗണ്ടിംഗ് ഫീസ് സമാഹരിച്ചിട്ടുണ്ടോ ;

(ഡി) രണ്ടു പതിറ്റാണ്ടുകൾക്ക് മുമ്പുവരെ രജിസ്ട്രേഷൻ നടത്തിയ ഭൂമിക്കുപോലും ഇപ്പോൾ അധിക രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ടോ ;

(ഇ) കേവലം സെന്റുകൾ മാത്രം രജിസ്റ്റർ ചെയ്തവരിൽ നിന്നുപോലും കോമ്പൗണ്ടിംഗ് പദ്ധതിയുടെ ഭാഗമായി അധിക ഫീസ് ഈടാക്കുന്നുണ്ടോ ;

(എഫ്) വർഷങ്ങൾക്ക് മുമ്പുള്ളതും ചെറിയ അളവിൽ വസ്തു കൈമാറ്റം നടത്തിയതുമായ കർഷകരെ കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽനിന്ന് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; രജിസ്ട്രേഷൻ ഫീസിനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം ലഭിച്ച വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ; മുൻവർഷത്തെയും ഈ വർഷത്തെയും വരുമാനം സംബന്ധിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ

*111 ശ്രീ. കെ. അച്ചുതൻ
,, പി. സി. വിഷ്ണുനാഥ്
,, എം. പി. വിൻസെന്റ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി മൂലം പൊതു വിപണിയിലെ വില വർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>സുരക്ഷിത സൈക്കിൾപാതയുടെ നിർമ്മാണത്തിനുള്ള നടപടി</u>

*112 ശ്രീ. പി. ബി. അബ്ദുൾ റസാക്
,, സി. മോയിൻകുട്ടി
,, പി. കെ. ബഷീർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൈക്കിൾ യാത്രികരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, റോഡുനിർമ്മാണഘട്ടത്തിൽ സുരക്ഷിത സൈക്കിൾ പാതയ്ക്കുകൂടി പ്രാധാന്യം നൽകാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) വർദ്ധിച്ചുവരുന്ന റോഡപകടങ്ങളും കടുത്ത അന്തരീക്ഷ മലിനീകരണവും മൂലം വികസിത രാജ്യങ്ങൾ പോലും സൈക്കിൾ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന സാഹചര്യത്തിൽ സൈക്കിൾ യാത്ര പ്രോത്സാഹിപ്പിക്കാൻ സുരക്ഷിത പാതകൾ നിർമ്മിക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

സ്കൂള്‍ വിദ്യാര്‍ത്ഥികളുടെ യൂണിഫോം വിതരണം

*113 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയില്‍
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ അദ്ധ്യയന വര്‍ഷം സ്കൂള്‍ വിദ്യാര്‍ത്ഥികളുടെ യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിലുണ്ടായ വീഴ്ച ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) യൂണിഫോം വിതരണം ഇതേ രീതിയില്‍ നടപ്പാക്കുവാനാണോ ഉദ്ദേശിച്ചത്;

(സി) ആറ് മാസം കഴിഞ്ഞിട്ടും യൂണിഫോം വിതരണം ചെയ്യാന്‍ കഴിയാത്തതില്‍ കുറ്റക്കാരായ ഉദ്യോഗസ്ഥര്‍ക്കെതിരെ എന്തെങ്കിലും ശിക്ഷാ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 20.01.2014–ലെ മറുപടിക്ക്

<u>അനുമതി ഇല്ലാതെ സ്ഥാപിച്ചിട്ടുള്ള കേബിളുകള്‍</u>

*114 ശ്രീ. പി. ഉബൈദുള്ള
,, എന്‍. എ. നെല്ലിക്കുന്ന്
,, എന്‍. ഷംസുദ്ദീന്‍
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലെ റോഡുകളില്‍ കേബിള്‍, പൈപ്പ്ലൈന്‍ എന്നിവ സ്ഥാപിക്കാന്‍ അനുമതി നല്‍കുന്നതിനുള്ള വ്യവസ്ഥകള്‍ എന്തെല്ലാമാണ്;

(ബി) അനുമതി വാങ്ങാതെ ഓവര്‍ഹെഡ്, അണ്ടര്‍ഗ്രൗണ്ട് കേബിളുകള്‍ സ്ഥാപിച്ചിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തില്‍ നിലവിലുള്ള പരിശോധനാ സംവിധാനമെന്തെന്നും, പരിശോധനാ ചുമതലയുള്ള പ്രഥമ ഉദ്യോഗസ്ഥനാരെന്നും വ്യക്തമാക്കുമോ;

(സി) അനാവശ്യമായും, അപകടകരമായും കേബിള്‍ ലൈനുകള്‍ സ്ഥാപിക്കുന്നത് യാത്രക്കാര്‍ക്കും വാഹനങ്ങള്‍ക്കും അപകടം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ അതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) നിയമവ്യവസ്ഥകള്‍ ലംഘിച്ച് സ്ഥാപിച്ചിട്ടുള്ള എല്ലാ ഓവര്‍ഹെഡ് കേബിളും നീക്കം ചെയ്യാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>റോഡുകളുടെ ശോച്യാവസ്ഥ</u>

*115 ശ്രീ. എ. എം. ആരിഫ്
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, ബി. സത്യന്‍
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പൊതുമരാമത്ത് വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി റോഡുകള്‍ തകര്‍ന്ന് ഗതാഗത യോഗ്യമല്ലാതായിരിക്കുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; പണി പൂര്‍ത്തീകരിച്ച് ചുരുങ്ങിയ കാലയളവില്‍ തന്നെ റോഡുകള്‍ തകരാന്‍ ഇടയാകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) നിര്‍മ്മാണത്തിലെ ക്രമക്കേടുകളാണോ ഈ അവസ്ഥയ്ക്ക് കാരണമായിട്ടുള്ളതെന്ന് പരിശോധിക്കാന്‍ തയ്യാറാകുമോ;

(സി) പൊതുമരാമത്ത് മാന്വല്‍ പ്രകാരം പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരന്‍ പാലിക്കേണ്ട നിബന്ധനകള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) കുണ്ടും കുഴിയും നിറഞ്ഞ് അപകടാവസ്ഥയിലായ റോഡുകളിലൂടെയുള്ള യാത്ര റോഡപകടങ്ങള്‍ വര്‍ദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) തകര്‍ന്ന റോഡുകളുടെ അറ്റകുറ്റ പണികള്‍ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(എഫ്) ടാറിംഗ് കഴിഞ്ഞ് മിനിമം ഗ്യാരണ്ടി കാലയളവിനുള്ളിലാണോ റോഡ് തകര്‍ച്ചയുണ്ടായിട്ടുള്ളതെന്ന് പരിശോധിക്കാറുണ്ടോ;

(ജി) എങ്കില്‍, ഇത്തരം റോഡുകളുടെ അറ്റകുറ്റപ്പണിയും നേരത്തെ പ്രവൃത്തി നടത്തിയ കരാറുകാരെക്കൊണ്ടു തന്നെ സ്വന്തം ചെലവില്‍ ചെയ്യിപ്പിക്കുന്നതിന് ശ്രമിക്കാറുണ്ടോ; ഇത്തരം കേസുകളുടെ വിശദാംശം നല്‍കാമോ;

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

(എച്ച്) റോഡ് നിർമ്മാണം സംബന്ധിച്ച നിബന്ധനകൾ പാലിക്കാതെ പ്രവൃത്തി നടത്തുന്ന കരാറുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത്തരം കരാറുകാരെ ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്നും വിലക്കുന്നതിന് സംവിധാനമുണ്ടോ;

(ഐ) സ്വന്തമായി തൊഴിലാളികളോ നിർമ്മാണ സാമഗ്രികളോ ഇല്ലാത്ത ഏതെങ്കിലും സ്ഥാപനത്തിന് സർക്കാർ ടെണ്ടറിൽ പ്രത്യേക പരിഗണന നൽകുന്നുണ്ടോ; സി& എ.ജി. ഇതു സംബന്ധമായി ഉന്നയിച്ച പ്രശ്നങ്ങൾ പരിശോധിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>ഭൂമി തട്ടിയെടുക്കുന്നതായ പരാതികൾ</u>

*116 ശ്രീ. വി. ശിവൻകുട്ടി
,, പി. കെ. ഗുരുദാസൻ
,, പി. റ്റി. എ. റഹീം
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുക്കുന്നതായ പരാതികൾ വ്യാപകമായി ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ അറിവോടെയും സഹായത്തോടെയുമാണ് ഇത്തരം തട്ടിപ്പുകൾ നടക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവർത്തനങ്ങൾക്ക് വകുപ്പിൽ ബാഹ്യയിടപെടൽ നടക്കുന്നത് അറിവുള്ളതാണോ;

(സി) ഭൂമിതട്ടിപ്പ് തടയേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരിശോധനകൾ എന്തെങ്കിലും നടത്തുകയുണ്ടായോ; ഇതു സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഭൂരേഖകൾ സംരക്ഷിക്കുന്നതിന് വില്ലേജ് തലത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഇ) ഭൂരേഖകൾ സൂക്ഷിക്കുന്നതിന് സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം നടത്തുന്നതിനും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

നെൽവയൽ, തണ്ണീർത്തടം ഡാറ്റാബാങ്ക് തയ്യാറാക്കൽ

*117 ശ്രീ. വി. എം. ഉമ്മർമാസ്റ്റർ
'' എൻ. എ. നെല്ലിക്കുന്ന്
'' റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർതടങ്ങളും സംരക്ഷിക്കുന്നതിന് നിയമപ്രകാരം തയ്യാറാക്കേണ്ട ഡാറ്റാബാങ്കിന്റെ തയ്യാറാക്കൽ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഡാറ്റാബാങ്കു പ്രകാരം നിലവിലുള്ളതും സംരക്ഷിക്കപ്പെടേണ്ടതുമായ നെൽവയലുകളുടെയും തണ്ണീർതടങ്ങളുടെയും ചതുപ്പുകളുടെയും വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവയുടെ വില്ലേജടിസ്ഥാനത്തിലുള്ള വിശദമായ ഡാറ്റ ശേഖരിച്ച് പ്രസിദ്ധപ്പെടുത്തുന്നതിനും, നിയമം കർശനമായി നടപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

<u>കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനം</u>

*118 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ദുരിത നിവാരണ സേന എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 20.01.2014-ലെ മറുപടിക്ക്

പെട്രോളിയം ഉത്പന്നങ്ങളുടെ വില നിയന്ത്രണം

*119 ശ്രീ. ജെയിംസ് മാത്യു
,, എളമരം കരീം
,, കെ. വി. വിജയദാസ്
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസലിന്റെ വില നിയന്ത്രണം നീക്കം ചെയ്യാൻ കേന്ദ്ര സർക്കാർ ആലോചിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെട്രോൾ, പാചകവാതകം ഉൾപ്പെടെയുള്ളവയുടെ വില നിയന്ത്രണം നീക്കം ചെയ്തത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയേയും ജനജീവിതത്തെയും ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുകയുണ്ടായി; പ്രതിവർഷം എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത സംസ്ഥാനത്തിനുണ്ടായിട്ടുണ്ട്;

(സി) ഡീസൽവില നിയന്ത്രണം നീക്കം ചെയ്യാതിരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താമോ;

(ഡി) ഡീസൽവില നിയന്ത്രണമില്ലാതായാൽ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ സംസ്ഥാനം എന്തെല്ലാം കെടുതികൾ നേരിടേണ്ടതായി വരും;

(ഇ) ഈ സർക്കാരിന്റെ കാലത്ത് പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ വില എത്ര തവണ വർദ്ധിപ്പിക്കുകയുണ്ടായി; 2011 മെയ് 16 ന് ഇവയ്ക്കുണ്ടായിരുന്ന വിലയുടെ എത്ര ശതമാനം വർദ്ധനവ് ഇപ്പോഴത്തെ വിലയിലുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 20.01.2014–ലെ മറുപടിക്ക്

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

*120 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വിദ്യാഭ്യാസ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി) മിന് കീഴിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്കിൽ പാർക്ക് പദ്ധതിയെ കുറിച്ച് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം മണ്ഡലങ്ങളിലാണ് പ്രാരംഭഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 11.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ് [ചട്ടം 47(1)].